# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2474:** **13/02/2013- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനം, പഴയന്നൂർ വ്യവസായ പാർക്ക്

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. രാധാകൃഷ്ണൻ :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1. കമ്പോള വിലയിലും താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ.<br>2. ഏകജാലക സംവിധാനത്തിലൂടെ ക്ലിയറൻസുകളും ലൈസൻസുകളും വേഗത്തിൽ ലഭ്യമാക്കൽ.<br>3. സംരംഭകത്വ സഹായപദ്ധതി/ സംസ്ഥാന മൂലധന നിക്ഷേപ സഹായം.<br>4. ശേഷി വികസനവും തീവ്ര വ്യവസായവത്കരണ പരിപാടിയും.<br>5. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br>6. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നു.<br>7. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിന് ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം.<br>8. പുതിയ സ്ഥലം ഏറ്റെടുക്കുന്നതിനും PPPP മോഡ് അടിസ്ഥാന സൗകര്യവികസനത്തിനും പദ്ധതി.<br>9. ചെറുകിട വ്യവസായ ക്ലസ്റ്റർ വികസനപരിപാടി.<br>10. വാണിജ്യ വികസന പരിപാടി<br>11. മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോൽസാഹന പ്രവർത്തനങ്ങൾ നടത്തുന്നു.<br>12. ജില്ലാ/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവത്കരണ ക്യാമ്പുകൾ, വർക്ക് ഷോപ്പുകൾ, ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകരെ കണ്ടെത്തുന്നു.<br>13. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം വേണ്ടി വരുന്ന സംരംഭകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു. അത്തരത്തിലുള്ളവർക്ക് സ്റ്റാർട്ട് അപ്പ് സപ്പോർട്ട് നൽകുന്നു. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിന് വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെയും, ഗ്രീൻചാനൽ കൗണ്ടറിലൂടെയും നൽകി വരുന്നു. വ്യവസായ സംരംഭം ആരംഭിച്ച് കഴിഞ്ഞാൽ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് നൽകുന്നു. കൂടാതെ നിലവിലുള്ള സ്ഥാപനങ്ങളുടെ ഉല്പാദന വർദ്ധനക്കും മുതൽ മുടക്കിനും സബ്സിഡി നൽകി വരുന്നു.<br>14. കേന്ദ്ര സർക്കാർ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് നൽകുന്ന ബാർ കോഡിംഗ്, ഐഎസ്ഐ, ഐഎസ്ഒ, എച്ച്.എ.സി.സി.പി. തുടങ്ങിയവ നേടുന്നതിനും ആനുകൂല്യങ്ങൾ നേടി എടുക്കുന്നതിനുമുള്ള സഹായം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | 15. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതുസൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു.<br>16. കൂടാതെ വ്യവസായ സംരംഭങ്ങളിൽ അൻസലറി ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോൽസാഹന സഹായങ്ങൾ നൽകുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ടെന്ന് പറയുമോ ; | (ബി) | 18/05/2011 മുതൽ 31/01/2013 വരെ ആകെ 20,416 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ വ്യവസായ പാർക്ക് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (സി) | ചേലക്കര വ്യവസായ പാർക്കിനെ വ്യവസായ മേഖലയായി പ്രഖ്യാപിച്ചതും, ഏകജാലക സംവിധാനം നിലവിലുള്ളതും വ്യവസായികൾക്ക് ഏറെ പ്രയോജനകരമാണ്. പാർക്ക് പൂർണ്ണമായും പ്രവർത്തനക്ഷമ മാക്കുന്നതിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളുമായും കത്തു മുഖേനയും അല്ലാതെയും നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നു. വ്യവസായം ആരംഭിക്കുന്നതിന് കാലതാമസം വരുത്തിയ യൂണിറ്റുകൾക്കെതിരെ സ്ഥലം തിരിച്ചെടുക്കുന്ന തുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബന്ധപ്പെട്ട പഞ്ചായത്തിന്റെ സഹായത്തോടും, അവലോകന യോഗങ്ങൾ സംഘടിപ്പിച്ചും, ഉദ്യോഗസ്ഥരുടെ സ്ഥല സന്ദർശനത്തിലൂടെയും വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ